ടുത്തെ തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ നേടുന്നതിനും വേണ്ടി തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ അനുരഞ്ജന ചർച്ചകൾ തുടർന്നുപോരുകയാണ്. 1999 ജൂലൈ മാസാവസാന ത്തോടെ എസ്റ്റേറ്റ് തുറന്നു പ്രവർത്തിപ്പിക്കാനാവുമെന്ന് മാനേജ്മെന്റ് സമ്മതി ച്ചിട്ടുണ്ട്.

(ഡി) 1998 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ശമ്പള കുടിശ്ശിക തൊഴിലാളികൾക്ക് നൽകുവാനുണ്ട്. 37 ഓളം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുത്തു തീർക്കാനുണ്ട്. സാമ്പത്തിക പ്രതിസന്ധി മാറിക്കിട്ടിയാൽ നിയമപ രമായ പലിശ ഉൾപ്പെടെ ഗ്രാറ്റുവിറ്റി അർഹതയുള്ള തൊഴിലാളികൾക്ക് നൽകാമെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

(ഇ) 2/98 മുതൽ 5/98 വരെ ഉള്ള തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് തുക പൊൻമുടി എസ്റ്റേറ്റ് മാനേജ്മെന്റ് പി.എഫ്. അക്കൗണ്ടിൽ അടച്ചി ട്ടില്ലായെന്നു അറിയുന്നു. ആ തുക പി.എഫ്.ൽ അടക്കുന്നതിനുള്ള നിർദ്ദേശം മാനേജ്മെന്റിന് നൽകുന്നതാണ്.

102 (2793) കർഷകത്തൊഴിലാളികൾക്ക് ബോണസ് നൽകാനുള്ള പദ്ധതി

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളികൾക്ക് ബോണസ് നൽകാനുള്ള ഒരു പദ്ധതി നിലവിലുണ്ടായിരുന്നോ;

(ബി) ഈ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ;

(സി) ബോണസിന് അർഹരായ എത്ര കർഷകത്തൊഴിലാളികൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്;

(ഡി) ഈ പദ്ധതി സംസ്ഥാനമൊട്ടുക്ക് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെ ങ്കിൽ കാരണമെന്ത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) തൊഴിൽ വകുപ്പ് മുഖേന കർഷകത്തൊഴിലാളി കൾക്ക് ബോണസ് കൊടുക്കുന്ന പദ്ധതി ഒന്നും നിലവിലില്ല.

103 (2794) എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാരെ ഇ. എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്ന തിനുള്ള നടപടികൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താനുള്ള സർക്കാർ നിർദ്ദേശം തൊഴിലാളികൾക്ക് സൗകര്യപ്രദമായ ദൂരത്തിൽ ഇ.എസ്.ഐ. ആശുപത്രി ഇല്ലെന്ന കാരണത്താൽ കോർപ്പറേഷൻ അംഗീകരിച്ചില്ല. കോട്ടയ്ക്കലുള്ള പാർട്ട് ടൈം ഡിസ്പെൻസറി, ഫുൾടൈം ഡിസ്പെൻസറിയായി ഉയർത്തി എടരിക്കോട് ടെക്സ്റ്റയിൽസിലെയും സമീപപ്രദേശത്തേയും തൊഴിലാളികളെ ഇ.എസ്. ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കണമെന്ന കോർപ്പറേഷന്റെ നിർദ്ദേശം മാനിച്ച് നടപടികൾ എടുത്തുവരുന്നു.

(ബി) കഴിവതുംവേഗം നടപടി പൂർത്തിയാകുന്നതാണ്.

104 (2795) ഹോസിയറി വ്യവസായ തൊഴിലാളികൾക്ക് മിനിമം വേജസ്

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹോസിയറി വ്യവസായ തൊഴിലാളികൾക്ക് മിനിമം വേജസ് പുതുക്കി നിശ്ചയിച്ചത് എപ്പോൾ ആണ്;

(ബി) ഹോസിയറി വ്യവസായ തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

ഉത്തരം

(എ) 1985-ൽ ആണ്.

(ബി) അയിഷ ഹോസിയറി വർക്കേഴ്സ് യൂണിയൻ (സി.ഐ.റ്റി.യു.), പാലപ്പറമ്പ്, നിർമ്മലഗിരി, കണ്ണൂർ എന്ന യൂണിയന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. മിനിമം വേതന കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

105 (2796) ബോണസ് സംബന്ധമായ തർക്കങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :
ശ്രീമതി ജെ. മെഴ്സിക്കുട്ടിഅമ്മ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly